**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4613** **19-03-2025 - ൽ മറുപടിയ്ക്ക്**

**വനം ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വനം ടൂറിസം പദ്ധതികളും അവയുടെ വിശദാംശവും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ഇക്കോ ടൂറിസം സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വനം ടൂറിസം വിപുലപ്പെടുത്തുന്നതിനായി കഴിഞ്ഞ പത്ത് വർഷം സ്വീകരിച്ച നടപടികൾ അറിയിക്കാമോ; വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ ഇക്കോടൂറിസം കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കഴിഞ്ഞ പത്ത് വർഷമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു;<br><br>1.) സംസ്ഥാനത്തെ എല്ലാ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ പണമിടപാടുകൾ പൂർണമായും ഓൺലൈനിലേക്ക് മാറ്റുകയും കൂടാതെ വിനോദസഞ്ചാരികൾക്ക് ഓൺലൈൻ ഇടപാടുകൾ സുഗമമാക്കുന്നതിനുവേണ്ടി എല്ലാ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും POS മെഷീനുകൾ സ്ഥാപിക്കുകയും ചെയ്തു.<br><br>2.)ഇക്കോ ടൂറിസം സെന്ററുകളിലേക്കുള്ള റോഡുകൾ അറ്റകുറ്റപണികൾ നടത്തി വിനോദ സഞ്ചാരികൾക്ക് സുഗമമായ യാത്ര സൗകര്യം ഒരുക്കിയിട്ടുണ്ട്.<br><br>3.) ഇക്കോടൂറിസം കേന്ദ്രങ്ങളിലേക്കുള്ള വിനോദ സഞ്ചാരികളുടെ വർദ്ധനവിനനുസരിച്ച് നിലവിലുള്ള കുടിവെള്ള സൗകര്യങ്ങൾക്കും ടോയിലറ്റ് സൗകര്യങ്ങൾക്കും പുറമെ കൂടുതൽ ടോയിലറ്റുകളും കുടിവെള്ള സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>4.)പ്ലാസ്റ്റിക് ഉടങ്ങിയ മാലിന്യങ്ങൾ അലക്ഷ്യമായി ഉപേക്ഷിക്കുന്നത് തടയുവാൻ ബോധവല്ക്കരണ ബോർഡുകളും മുന്നറിയിപ്പ് ബോർഡുകളും കൂടുതൽ വെയ്സ്റ്റ്ബിന്നുകളും സ്ഥാപിക്കുകയും നിരീക്ഷണത്തിനായി കൂടുതൽ CCTV ക്യാമറകളും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.<br><br>വിവിധ വനം ഡിവിഷനുകളിൽ നടത്തിയ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. |

1. തിരുവനന്തപുരം ഡിവിഷന് കീഴിലെ പൊൻമുടി ഇക്കോടൂറിസം കേന്ദ്രത്തിലെത്തുന്ന സഞ്ചാരികൾക്കായി 3-D തീയറ്റർ, കുളത്തുപ്പുഴ വന മ്യൂസിയത്തിൽ കളരി ഓഡിറ്റോറിയം, ടിമ്പർ മ്യൂസിയം, ഓഗ്മെന്റഡ് റിയാലിറ്റി ഷോ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനത്തോടുകൂടിയ വിർച്ച്വൽ ഷോ, ട്രൈബൽ ഹട്ട് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കുളത്തുപ്പുഴ മ്യൂസിയത്തിൽ സന്ദർശകർക്കായി കഫറ്റീരിയയും, വനോൽപ്പന്നങ്ങൾ വിൽക്കുന്ന വനശ്രീ ഇക്കോഷോപ്പും പ്രവർത്തിച്ചു വരുന്നു.
2. കോന്നി ഇക്കോ ടൂറിസം സെന്ററിൽ FDA ഫണ്ട് ഉപയോഗിച്ച് 3D-തീയറ്റർ, എലിഫന്റ് മ്യൂസിയം എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അടവി ഇക്കോടൂറിസത്തിന്റെ ഭാഗമായ പേരുവാലിയൽ ആരണ്യകം കഫേ പുനർനിർമ്മിച്ചിട്ടുണ്ട്
3. മൂന്നാർ ഡിവിഷനിലെ ചൊക്രമുടിയിൽ Bison Trail Trekking എന്ന ട്രെക്കിംഗ് പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്.
4. നിലമ്പൂർ നോർത്ത് ഡിവിഷനിലെ ചാലിയാർ വ്യൂ ഇക്കോ ടൂറിസം കേന്ദ്രത്തിന്റെ Old DFO Bungalow ന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുകയും, കനോലി ഇക്കോ ടൂറിസം കേന്ദ്രത്തിൽ ചാലിയാർ പുഴയ്ക്ക് കുറുകെ ഉണ്ടായിരുന്ന പ്രളയത്തിൽ നശിച്ച തൂക്കുപാലത്തിന്റെ പുനർ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതുമാണ്.
5. മണ്ണാർക്കാട് ഡിവിഷന് കീഴിലെ ശിരുവാണി ഇക്കോ ടൂറിസം സെന്റർ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പുനരാരംഭിച്ചിട്ടുണ്ട്.
6. ധോണി ഇക്കോടൂറിസത്തിന്റെ ഭാഗമായി ധോണിയിലുള്ള കവറക്കുന്ന് ബംഗ്ലാവ് നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പൊതു ജനങ്ങൾക്ക് താമസത്തിനായി തുറന്ന് കൊടുത്തിട്ടുണ്ട്.
7. നെന്മാറ ഡിവിഷനിലെ കേശവൻപാറ ഇക്കോ ടൂറിസത്തിന് കീഴിൽ സർക്കാർ ഏറ്റെടുത്ത റോസറി, തൂത്തംമ്പാറ എന്നീ എസ്റ്റേറ്റ് ബംഗ്ലാവുകൾ കേന്ദ്രീകരിച്ച് Paid Nature Study Centre ആരംഭിച്ചിട്ടുണ്ട്.
8. സൗത്ത് വയനാട് ഡിവിഷനു കീഴിൽ ആനച്ചോല കാറ്റുകുന്ന് ട്രെക്കിംഗ് പുതിയതായി

പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

9. പെരിയാർ ഈസ്റ്റ് ഡിവിഷനിലെ തേക്കടിയിൽ നിലവിലുള്ള 13 ഇക്കോടൂറിസം പരിപാടികൾ തുടരുന്നതിനോടൊപ്പം പെരിയാർ ക്രൂയിസ്, ഇടപ്പാളയം നൈറ്റ്സ്, ബഗ്ഗി സഫാരി എന്നീ 3 പുതിയ ഇക്കോ ടൂറിസം പരിപാടികൾ ആരംഭിച്ചിട്ടുണ്ട്.
10. മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന് കീഴിൽ ഇരവികുളം ദേശീയോദ്യാനത്തിന്റെ ദൃശ്യ ഭംഗി ആസ്വദിക്കാവുന്ന 360 ഡിഗ്രി വീഡിയോ ദൃശ്യാവിഷ്കാരമുള്ള ഒരു വിർച്വൽ റിയാലിറ്റി സെന്റർ, വിശാലമായ പാർക്കിംഗ് സൗകര്യം, സുവനീർ ഷോപ്പ്, ലഘു ഭക്ഷണശാലകൾ, പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിനും ഭിന്നശേഷി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഗോൾഫ് കാർട്ട് ഇലക്ട്രിക്ക് വാഹന സഫാരി, ഭിന്നശേഷി സൗഹൃദ ശുചിമുറി, കാഴ്ച പരിമിതർക്കായുള്ള ബ്രയിൽ ലിപിയിലുള്ള ബ്രോഷറുകൾ, കേൾവി പരിമിതർക്ക് ആംഗ്യ ഭാഷയിലുള്ള വീഡിയോ തുടങ്ങിയ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.
11. ഇടുക്കി ഡിവിഷനിലെ ഇടുക്കി വന്യജീവി സങ്കേതത്തിൽ 10, 19 വാഹകശേഷിയുള്ള രണ്ട് പുതിയ ബോട്ടുകൾ വാങ്ങുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. തട്ടേക്കാട് പക്ഷി സങ്കേതത്തിൽ വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും വേണ്ടി ബാറ്ററിയിൽ പ്രവർത്തിക്കുന്ന ബഗ്ഗികാർ സൗകര്യം ഏർപ്പെടുത്തുകയും പുതിയതായി സിലോൺ ഫ്രോഗ് മൗത്ത് നേച്ചർ ട്രേയിൽ ആരംഭിച്ചിട്ടുണ്ട്.
12. പീച്ചി ഡിവിഷന് കീഴിലെ ചിമ്മിനി ഇക്കോടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ടമായി MLA ഫണ്ടിൽ നിന്ന് ഭരണാനുമതി ലഭിച്ച 50 ലക്ഷം രൂപയ്ക്ക് Toilet block, signage board, കുടിവെള്ള പദ്ധതി എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ചൂലന്നൂർ മയിൽ സങ്കേതത്തിൽ "Revamping Chulannur Ecotourism under Peechi FDA" എന്ന പദ്ധതിക്ക് ഇക്കോ ടൂറിസം ക്ലിയറിംഗ് കമ്മിറ്റിയുടെ അംഗികാരം ലഭിച്ചിട്ടുള്ളതും, ചൂലന്നൂർ മയിൽ മ്യൂസിയം നിർമ്മാണം നടന്നുവരുന്നതുമാണ്.
13. പറമ്പിക്കുളം കടുവാ സങ്കേതത്തിൽ ഇക്കോടൂറിസത്തിന്റെ വികസനത്തിനായി

| | | | |
|---|---|---|---|
| | | | പുതുതായി 2 പേർക്ക് താമസിക്കാവുന്ന ടിമ്പർ നൂക്ക് എന്ന പാക്കേജും, 2 പേർക്ക് താമസിക്കാവുന്ന മൂന്ന് ടെന്റഡ് റൂസ്റ്റ് എന്ന പാക്കേജും, ബൈസൈക്കിൾ റൈഡും ആരംഭിച്ചിട്ടുണ്ട്.<br>14. അഗസ്ത്യവനം ബൈയോളജിക്കൽ പാർക്ക് (ABP) സർക്കിളിന് കീഴിലെ കോട്ടൂർ ആന പുനരധിവാസ കേന്ദ്രം പൂർണ്ണ സജ്ജമാക്കി നാടിന് സമർപ്പിക്കുകയും കോട്ടൂർ മുതൽ കാപ്പുകാട് വരെയുള്ള റോഡ് നവീകരിച്ച് സഞ്ചാരയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. കോട്ടൂർ ABP റെയിഞ്ചിൽ ഇക്കോടൂറിസം വിപുലീകരിക്കുന്നതിനും, സഞ്ചാരികൾക്ക് കൂടുതൽ സൗകര്യപ്രദമാകുന്നതിനും അപകടരഹിതമായി ബോട്ട് യാത്ര നടത്തുന്നതിനും കാപ്പുകാടിൽ പുതിയ ബോട്ട് ജെട്ടി നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ജില്ല | ഡിവിഷൻ | ഇക്കോടൂറിസം കേന്ദ്രത്തിന്റെ പേര് | ടൂറിസം പദ്ധതിയുടെ വിവരങ്ങൾ |
|---|---|---|---|---|
| 1. | തിരുവനന്തപുരം | തിരുവനന്തപുരം | പൊന്മുടി | ട്രക്കിംഗ്, പ്രകൃതി ആസ്വാദനം |
| 2. | | | കല്ലാർ | പ്രകൃതി ആസ്വാദനം |
| 3. | | | മങ്കയം | ട്രക്കിംഗ്, പ്രകൃതി ആസ്വാദനം |
| 4. | | | കുളത്തൂപ്പുഴ ഫോറസ്റ്റ് മ്യൂസിയം | മ്യൂസിയം |
| 5. | | തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷൻ | നെയ്യാർ | താമസ സൗകര്യം, ബോട്ടിംഗ്, ട്രക്കിംഗ്, ക്രൊക്കൊഡൈയൽ പാർക്ക് |
| 6. | | | പേപ്പാറ | താമസ സൗകര്യം, ട്രക്കിംഗ് |
| 7. | | | കോട്ടൂർ | ട്രക്കിംഗ്, താമസ സൗകര്യം, ബോട്ടിംഗ് |
| 8. | കൊല്ലം | അച്ചൻകോവിൽ | മണലാർ-കുംഭാവുരുട്ടി | വെള്ളച്ചാട്ടം |
| 9. | | തെന്മല | പാലരുവി | ട്രക്കിംഗ്, പ്രകൃതി ആസ്വാദനം |
| 10. | | പുനലൂർ | കുടുക്കത്തുപ്പറ | ട്രക്കിംഗ് |
| 11. | | ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷൻ | ശെന്തുരുണി | ബോട്ടിംഗ്, ട്രക്കിംഗ്, താമസ സൗകര്യം, ജീപ്പ് സഫാരി |
| 12. | പത്തനംതിട്ട | കോന്നി | ആനത്താവളം | ആനപരിപാലന കേന്ദ്രം, മ്യൂസിയം, ഗവി യാത്ര, ബാംബു ഹട്ട് |
| 13. | | | അടവി ബൗൾ ബോട്ട് സെന്റർ | കുട്ടവഞ്ചി സവാരി |
| 14. | | റാന്നി | ഗവി-കക്കി | പ്രകൃതി ആസ്വാദനം |
| 15. | കോട്ടയം | കോട്ടയം | ചെല്ലാർകോവിൽ | പക്ഷി നിരീക്ഷണം, പ്രകൃതി ആസ്വാദനം, ബൊട്ടാണിക്കൽ & ബട്ടർഫ്ളൈ ഗാർഡൻ |
| 16. | | | കാൽവരിമൗണ്ട് | താമസ സൗകര്യം |
| 17. | | | വാഗമൺ (പൈൻവാലി) | പ്രകൃതി ആസ്വാദനം |
| 18. | എറണാകുളം | കോതമംഗലം | തൊമ്മൻകുത്ത് | ട്രക്കിംഗ് |
| 19. | | മലയാറ്റൂർ | മുളങ്കുഴി | പ്രകൃതി ആസ്വാദനം |
| 20. | | | പണിയേലിപോരു | പ്രകൃതി ആസ്വാദനം |
| 21. | | | ഭൂതത്താൻകെട്ട് | പ്രകൃതി ആസ്വാദനം |
| 22. | | NSC കാലടി | അഭയാരണ്യം | കാഴ്ച ബംഗ്ലാവ് |
| 23. | | | പാണംകുഴി | പ്രകൃതി ആസ്വാദനം |
| 24. | | | മംഗളവനം | പ്രകൃതി ആസ്വാദനം |
| 25. | | | സുവർണോദ്യാനം | പ്രകൃതി ആസ്വാദനം |
| 26. | ഇടുക്കി | ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷൻ | തട്ടേക്കാട് | പക്ഷി നിരീക്ഷണം, ബോട്ടിംഗ്, ട്രക്കിംഗ്, താമസ സൗകര്യം, |
| 27. | | | വാഗവനം | ട്രക്കിംഗ് |
| 28. | | | വെള്ളപ്പാറ | ബോട്ടിംഗ്, ട്രക്കിംഗ്, താമസ സൗകര്യം, |
| 29. | | മൂന്നാർ | ചൊക്രമുടി | ട്രക്കിംഗ് |

| ക്രമ നമ്പർ | ജില്ല | ഡിവിഷൻ | ഇക്കോടൂറിസം കേന്ദ്രത്തിന്റെ പേര് | ടൂറിസം പദ്ധതിയുടെ വിവരങ്ങൾ |
|---|---|---|---|---|
| 30. | | മാങ്കുളം | കൈനാഗിരി | ട്രക്കിംഗ്, വെള്ളച്ചാട്ടം |
| 31. | | | നക്ഷത്രകുത്ത് | ട്രക്കിംഗ് |
| 32. | | | ആനകുളം | ലില്ലി പാർക്ക് |
| 33. | | മറയൂർ | ആനക്കോട്ടപ്പാറ | നേച്ചർ പാർക്ക് |
| 34. | | | രാജീവ് ഗാന്ധി നേച്ചർ പാർക്ക് | നേച്ചർ പാർക്ക് |
| 35. | | മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷൻ | ഇരവികുളം നാഷണൽ പാർക്ക് | ട്രക്കിംഗ് |
| 36. | | | ചിന്നാർ വന്യജീവി സങ്കേതം | ട്രക്കിംഗ്, താമസ സൗകര്യം |
| 37. | | | ഷോല നാഷണൽ പാർക്ക് | ട്രക്കിംഗ്, താമസ സൗകര്യം |
| 38. | | പെരിയാർ ഈസ്റ്റ് വൈൽഡ് ലൈഫ് ഡിവിഷൻ | തേക്കടി | ബോട്ടിംഗ്, ട്രക്കിംഗ്, താമസ സൗകര്യം, റാഫ്റ്റിംഗ് |
| 39. | | | വള്ളക്കടവ് | താമസ സൗകര്യം |
| 40. | തൃശ്ശൂർ | വാഴച്ചാൽ | ആതിരപ്പള്ളി | ട്രക്കിംഗ് |
| 41. | | | വാഴച്ചാൽ | ട്രക്കിംഗ് |
| 42. | | പീച്ചി വൈൽഡ് ലൈഫ് ഡിവിഷൻ | പീച്ചി | ട്രക്കിംഗ്, ബോട്ടിംഗ്, കുട്ടവഞ്ചി |
| 43. | | | ചിമ്മിണി | ട്രക്കിംഗ്, ബോട്ടിംഗ്, സൈക്കിളിംഗ് |
| 44. | | | ചൂലന്നൂർ | ട്രക്കിംഗ്, മയിൽ മ്യൂസിയം |
| 45. | പാലക്കാട് | നെന്മാറ | മിന്നാംപാറ | ഓഫ് റോഡ് ഡ്രൈവ് |
| 46. | | | കേശവൻപാറ | പ്രകൃതി ആസ്വാദനം |
| 47. | | പാലക്കാട് | മീൻവല്ലം | പ്രകൃതി ആസ്വാദനം, വെള്ളച്ചാട്ടം |
| 48. | | | ധോണി | ട്രക്കിംഗ്, താമസ സൗകര്യം |
| 49. | | | അനങ്ങൻമല | ട്രക്കിംഗ്, പ്രകൃതി ആസ്വാദനം |
| 50. | | മണ്ണാർക്കാട് | തൊടുകാപ്പ്കുന്ന് | കുട്ടികളുടെ പാർക്ക്, പ്രകൃതി ആസ്വാദനം |
| 51. | | | ശിരുവാണി | ട്രക്കിംഗ്, ജംഗിൾ സഫാരി |
| 52. | | സൈലന്റ് വാലി വൈൽഡ് ലൈഫ് ഡിവിഷൻ | മുക്കാലി | ട്രക്കിംഗ്, താമസ സൗകര്യം, ജീപ്പ് സഫാരി |
| 53. | | പറമ്പിക്കുളം വൈൽഡ് ലൈഫ് ഡിവിഷൻ | പറമ്പിക്കുളം | ട്രക്കിംഗ്, താമസ സൗകര്യം, ജംഗിൾ സഫാരി, സൈക്കിൾ സഫാരി |
| 54. | മലപ്പുറം | നിലമ്പൂർ നോർത്ത് | കനോലി പ്ലോട്ട് | പ്രകൃതി ആസ്വാദനം |
| 55. | | | കോഴിപ്പാറ | ട്രക്കിംഗ്, വെള്ളച്ചാട്ടം |
| 56. | | | ചാലിയർ വ്യൂ | പ്രകൃതി ആസ്വാദനം |
| 57. | | നിലമ്പൂർ സൗത്ത് | നെടുങ്കയം | പ്രകൃതി ആസ്വാദനം |
| 58. | | | കൊടികുത്തിമല | പ്രകൃതി ആസ്വാദനം |
| 59. | കണ്ണൂർ | കണ്ണൂർ | പുറതോട്ടി - പൈതൽമല | ട്രക്കിംഗ് |
| 60. | | | മഞ്ഞപ്പുല്ല് - പൈതൽമല | ട്രക്കിംഗ് |
| 61. | | | അളകാപുരി | പ്രകൃതി ആസ്വാദനം |

| ക്രമ നമ്പർ | ജില്ല | ഡിവിഷൻ | ഇക്കോടൂറിസം കേന്ദ്രത്തിന്റെ പേര് | ടൂറിസം പദ്ധതിയുടെ വിവരങ്ങൾ |
|---|---|---|---|---|
| 62. | | | ശശിപ്പാറ | പ്രകൃതി ആസ്വാദനം |
| 63. | | | പാലുകാച്ചി | പ്രകൃതി ആസ്വാദനം |
| 64. | | ആറളം വൈൽഡ് ലൈഫ് ഡിവിഷൻ | ആറളം | ട്രക്കിംഗ്, ഓഫ് റോഡ് ഡ്രൈവ്, ജീപ്പ് സഫാരി |
| 65. | കോഴിക്കോട് | കോഴിക്കോട് | തുഷാരഗിരി | ട്രക്കിംഗ്, വെള്ളച്ചാട്ടം |
| 66. | | | കാക്കവയൽ | പ്രകൃതി ആസ്വാദനം, നക്ഷത്ര വനം, ഓർക്കിഡേറിയം, ചിത്ര ശലഭ പാർക്ക് |
| 67. | | | കക്കാട് | പ്രകൃതി ആസ്വാദനം, വെള്ളച്ചാട്ടം |
| 68. | | | കക്കയം | പ്രകൃതി ആസ്വാദനം, വെള്ളച്ചാട്ടം |
| 69. | | | പെരുവണ്ണാമൂഴി | പ്രകൃതി ആസ്വാദനം, ചിത്രശലഭ പാർക്ക്, മൃഗങ്ങളുടെ പുനരധിവാസ കേന്ദ്രം |
| 70. | | | ജാനകിക്കാട് | പ്രകൃതി ആസ്വാദനം |
| 71. | വയനാട് | നോർത്ത് വയനാട് | മുനീശ്വരൻകുന്ന് | ട്രക്കിംഗ്, പ്രകൃതി ആസ്വാദനം |
| 72. | | | ബ്രഹ്മഗിരി | ട്രക്കിംഗ് |
| 73. | | | മീൻമുട്ടി | പ്രകൃതി ആസ്വാദനം |
| 74. | | സൗത്ത് വയനാട് | പാക്കം-കുറുവ | പ്രകൃതി ആസ്വാദനം, റാഫ്റ്റിംഗ് |
| 75. | | | വാരാമ്പറ്റ | ട്രക്കിംഗ്, വെള്ളച്ചാട്ടം |
| 76. | | | സൂചിപ്പാറ | വെള്ളച്ചാട്ടം |
| 77. | | | ചെമ്പ്ര പീക്ക് | ട്രക്കിംഗ് |
| 78. | | വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ | തോൽപ്പെട്ടി | ജീപ്പ് സഫാരി |
| 79. | | | മുത്തങ്ങ | ജീപ്പ് സഫാരി, ബസ് സഫാരി |
| 80. | കാസർഗോഡ് | കാസർഗോഡ് | റാണിപുരം | ട്രക്കിംഗ് |

**********